## പതിനാലാം കേരള നിയമസഭ

## രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 3901 — 21.10.2016 ലെ മറുപടിയ്ക്ക്

## ഫെർട്ടിലൈസർ കൺട്രോൾ ഓർഡർ

| ചോദ്യം | | മറുപടി |
|---|---|---|
| ശ്രീ.കെ. കൃഷ്ണൻകുട്ടി<br>ശ്രീ.സി.കെ.നാണു<br>ശ്രീ.തോമസ് ചാണ്ടി<br>ശ്രീ.കോവൂർ കുഞ്ഞുമോൻ | | ശ്രീ.വി.എസ്.സുനിൽ കുമാർ<br>(കൃഷി വകുപ്പ് മന്ത്രി) |
| എ) ഫെർട്ടിലൈസർ കൺട്രോൾ ഓർഡർ (1986) കൃഷി വകുപ്പ് കർശനമായി നടപ്പിലാക്കുന്നില്ലെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | ഫെർട്ടിലൈസർ (കൺട്രോൾ) ഓർഡർ 1985 - കൃഷി വകുപ്പ് കർശനമായി നടപ്പിലാക്കുന്നുണ്ട്. |
| (ബി) ആയത് കർശനമായി നടപ്പിലാക്കാൻ ബന്ധപ്പെട്ടവർക്ക് നിർദ്ദേശം നൽകുമോ; | (ബി) | നിർദ്ദേശം നൽകിയിട്ടുണ്ട്. |
| (സി) ഒരേ തരത്തിലുള്ള രാസവളങ്ങൾക്ക് വിവിധ കമ്പനികൾ വ്യത്യസ്ത വിലകൾ ഈടാക്കുന്നത് നിയന്ത്രിക്കാനും ഏറെക്കുറെ ഒരേ വിലയിൽ വിതരണം നടത്താനും എന്തെല്ലാം നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കാമോ? | (സി) | കേന്ദ്രസർക്കാർ 2010 -11 സാമ്പത്തിക വർഷം മുതൽ ന്യൂട്രിയന്റ് ബേസ്ഡ് സബ്സിഡി (എൻ.ബി.എസ്) നയമാണ് സ്വീകരിച്ച് വരുന്നത്. പ്രസ്തുത നയപ്രകാരം രാസവളങ്ങളുടെ വില നിർണ്ണയിക്കാനുള്ള അധികാരം രാസവള കമ്പനികളിൽ നിക്ഷിപ്തമാണ്. ഫോസ്ഫറസ്, പൊട്ടാഷ് വളങ്ങളുടെ വില കമ്പനികൾ നിശ്ചയിക്കുന്നുവെങ്കിലും അവ ഉല്പാദനച്ചെലവിനെക്കാൾ കുറഞ്ഞ വില്പന വിലയിൽ വില്ക്കപ്പെടുന്നതിനു വേണ്ടി കമ്പനികൾക്ക് സബ്സിഡി നൽകുന്ന സ്കീം നിലവിലുണ്ട്. |

സെക്ഷൻ ഓഫീസർ